**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3078** **04-08-2021 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ ആകെ എത്ര കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടത് എന്ന് അറിയിക്കാമോ; | (എ) | ആകെ 411 കുടുംബങ്ങൾക്ക് വീടും സ്ഥലവും 608 കുടുംബങ്ങൾക്ക് വീട് മാത്രവും നഷ്ടപ്പെട്ടു. |
| (ബി) | ഇതിൽ എത്ര കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | വീടും സ്ഥലവും നഷ്ടപ്പെട്ട 411 പേരിൽ 288 കുടുംബങ്ങൾക്ക് വീടിനും സ്ഥലത്തിനും ധനസഹായം അനുവദിച്ചു. 81 പേർക്ക് സ്പോൺസർമാർ മുഖേന വീട് നിർമ്മിച്ചു നൽകി. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സ്ഥലത്തിനും, തുടർന്ന് വീടിനും ധനസഹായം അനുവദിക്കുന്നതാണ്. വീട്ടു മാത്രം നഷ്ടപ്പെട്ട 608 പേരിൽ 602 പേർക്ക് വീട് നിർമ്മാണത്തിനുള്ള വിവിധ ഗഡുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്. 6 പേർക്ക് ധനസഹായം നൽകുവാൻ ബാക്കിയുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | 2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടതെന്ന് അറിയിക്കാമോ; | (സി) | 2019 ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ ആകെ 218 കുടുംബങ്ങൾക്കാണ് വീടും സ്ഥലവും നഷ്ടപ്പെട്ടത്. 309 പേർക്ക് വീട് മാത്രം നഷ്ടപ്പെട്ടു. |
| (ഡി) | ഇതിൽ എത്ര കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | 328 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ